(8) കുടുബശ്രീ മാതൃകയിലുള്ള ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ.

(9) പരിശീലനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം.

(10) നീർത്തടാടിസ്ഥാനത്തിൽ സംയോജിത കാർഷിക വികസനം.

(11) വിഭവങ്ങൾ നേരിയ തോതിൽ വിന്യസിക്കുന്ന രീതി ഒഴിവാക്കുക.

(12) പദ്ധതി വിഹിതം മേഖലാവിഭജനം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള പരിധി ഉറപ്പാക്കുക.

(13) ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾക്ക് നിർബന്ധമായും തുക വകയിരുത്തുക.

(14) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുക.

(15) വനിതകൾക്ക് പ്രത്യേക പദ്ധതി.

(16) ശിശുക്കൾ, വൃദ്ധർ, വികലാംഗർ, അഗതികൾ എന്നിവർക്ക് പ്രത്യേക പദ്ധതി.

(17) കുടിവെള്ള പ്രോജക്ടുകൾക്കും ജലസേചന പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം നിർബന്ധമായും വകയിരുത്തുക.

(18) സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുക.

(19) അഗതികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ആശ്രയ പദ്ധതി.

(20) കമ്പ്യൂട്ടർ സാക്ഷരതയില്ലാത്തതായ എല്ലാ ഭവനങ്ങളിലേയും പ്രായപൂർത്തിയായ ഒരാൾക്ക് പ്രസ്തുത കാര്യത്തിൽ പരിശീലനം നൽകുന്നതിനായി അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പരിശീലന പരിപാടി.

(21) ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് താലൂക്ക് ആസ്ഥാനങ്ങളുള്ള പഞ്ചായത്തുകളിൽ പ്രത്യേക പ്രോജക്ടുകൾ.

## ഭവന നിർമ്മാണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക

118 [2610] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്ത് തുകയാണ് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; ഇതിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾക്കായി എന്തുതുകയാണ് ചെലവഴിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന ഇന്ദിര ആവാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 25 ശതമാനം സംസ്ഥാന വിഹിതമായി 781.00 ലക്ഷം രൂപയും നഗരസഭകൾ വഴി നടപ്പിലാക്കുന്ന 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ വാല്മീകി അംബേദ്കർ ആവാസ് യോജനയ്ക്കായി 3000 ലക്ഷം രൂപയും 2004-05 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി വിഹിതം വിനിയോഗിച്ച് ഭവന നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. പൊതു വിഭാഗത്തിൽ പരമാവധി 35,000 രൂപ സബ്സിഡി നൽകി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നു.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതി രൂപീകരണം പൂർത്തിയാകാത്തതിനാൽ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയുടെ വിവരം ഇപ്പോൾ ലഭ്യമല്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതിക്കാർക്കു ഭവനനിർമ്മാണത്തിനായി 50,000 രൂപ സബ്സിഡി ഗ്രാമ പഞ്ചായത്തും ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്കുപഞ്ചായത്തും വകയിരുത്തുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനായി 75000 രൂപയും ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 75000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമുള്ള തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്നു.

റോഡ് വികസനത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കൽ

119 [2611] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മുറിഞ്ഞപാലം വരെയും കുമാരപുരത്തുനിന്നും മുറിഞ്ഞപാലം ജംഗ്ഷൻ വരെയുമുള്ള റോഡ് ഇപ്പോൾ വികസിപ്പിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ മുറിഞ്ഞപാലത്തുനിന്നും കുമാരപുരത്തേയ്ക്ക് തിരിയുന്ന ജംഗ്ഷനും തുടർന്നുള്ള ഭാഗങ്ങളും ഇപ്പോൾ വീതികൂട്ടുന്നതെന്തിനാണ്;

(സി) വീതി കൂട്ടുന്നതിന്റെ പേരിൽ ആരുടെയെല്ലാം എത്ര ഭൂമി വീതം എടുക്കുന്നുണ്ട്; ഓരോരുത്തരുടെയും ഭൂമി അതിർത്തിയിൽനിന്നും എത്ര മീറ്റർ വീതമാണെടുക്കുന്നത്; അതിനുള്ള ലാൻഡ് അക്വിസിഷൻ നോട്ടീസ് നൽകിയോ;

(ഡി) നോട്ടീസുനൽകാതെ ഭൂമി എടുക്കുന്നതിനുള്ള അടിയന്തിരാവശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) മുറിഞ്ഞപാലം ജംഗ്ഷനിൽനിന്നും കുമാരപുരത്തേയ്ക്കുള്ള റോഡിന്റെ ജംഗ്ഷൻ ആരംഭിക്കുന്ന ഭാഗത്ത് ഒരു വശത്തുള്ള ഓട മുതൽ അതിനെതിരെ എതിർവശത്തുള്ള സ്വകാര്യ ഭൂമിയുടെ അതിർത്തിവരെയുള്ള വീതിയെത്ര;

LIBRARY ARCHIVES Kerala Legislative Assembly